**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4798** **11-08-2021 - ൽ മറുപടിയ്ക്ക്**

**ഡിഫൻസ് അക്കാദമികളിൽ പഠിക്കുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ സി കെ ഹരീന്ദ്രൻ** | | **Shri. Pinarayi Vijayan**<br>**(മുഖ്യമന്ത്രി)** | |
| (എ) | ദേശീയ പ്രാധാന്യമുള്ള ഇന്ത്യൻ നേവൽ അക്കാദമി, ഇന്ത്യൻ എയർഫോഴ്സ് അക്കാദമി, ഇന്ത്യൻ മിലിട്ടറി അക്കാദമി, നാഷണൽ ഡിഫൻസ് അക്കാദമി എന്നിവിടങ്ങളിൽ പഠിക്കുന്ന കേരളീയരായ കുട്ടികൾക്ക് സംസ്ഥാന സർക്കാർ ഉത്തരവ് (കയ്യെഴുത്ത്)നമ്പർ 27/2019/സൈ.ക്ഷേ.വ. തീയതി 29.07.2019 പ്രകാരം ഏർപ്പെടുത്തിയ രണ്ട് ലക്ഷം രൂപയുടെ സ്കോളർഷിപ്പ് വിതരണം ചെയ്യാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; ആയതിന്റെ വിശദാംശം ലഭ്യമാക്കാമോ; | (എ) | സായുധ സേനയുടെ കീഴിലുള്ള വിവിധ അക്കാഡമികളിൽ പ്രവേശനം നേടുന്ന കേരളീയരായവർക്ക് 19.02.2019-ലെ സ.ഉ.(കൈ) 37/2019/പൊ.ഭ.വ. പ്രകാരവും പ്രസ്തുത ഉത്തരവിന് ഭേദഗതി വരുത്തിക്കൊണ്ടുള്ള 19.08.2019-ലെ സ.ഉ.(കൈ) 27/2019/സൈ.ക്ഷേ.വ പ്രകാരവും അനുവദിച്ച സ്കോളർഷിപ്പ് വിതരണം ചെയ്യാൻ ആരംഭിച്ചിട്ടുണ്ട്. 2020-21 സാമ്പത്തിക വർഷം 4,00,000/- രൂപ ഈ ഇനത്തിൽ വിതരണം ചെയ്തിട്ടുണ്ട്. നടപ്പ സാമ്പത്തിക വർഷം 8,00,000/- രൂപ ഈ ഇനത്തിൽ വിതരണം ചെയ്യുകയും 28,00,000/- രൂപയുടെ പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലുമാണ്. |
| (ബി) | പ്രസ്തുത ഉത്തരവിൽ തുടർന്ന് മാറ്റങ്ങൾ വരുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശം അറിയിക്കാമോ; പ്രസ്തുത ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കാമോ; | (ബി) | സായുധ സേനയുടെ കീഴിലുള്ള ഓഫീസേഴ്സ് ട്രെയിനിംഗ് അക്കാഡമി, നാഷണൽ ഡിഫൻസ് അക്കാഡമി, ഇൻഡ്യൻ മിലിട്ടറി അക്കാഡമി, നേവൽ അക്കാഡമി, എയർഫോഴ്സ് അക്കാഡമി, ആംഡ് ഫോഴ്സസ് മെഡിക്കൽ കോളേജ്, രാഷ്ട്രീയ ഇൻഡ്യൻ മിലിട്ടറി കോളേജ്, സൈനിക സ്കൂളുകൾ എന്നിവിടങ്ങളിൽ പ്രവേശനം നേടുന്ന കേരളീയരായ കേഡറ്റുകൾക്ക് പ്രോത്സാഹനമായി 2,00,000/- രൂപയും; മിലിട്ടറി, നേവൽ, എയർഫോഴ്സ് നേഴ്സിംഗ് സ്കൂളുകളിൽ പ്രവേശനം ലഭിക്കുന്നവർക്ക് 1,00,000/- രൂപയും; സ്കോളർഷിപ്പ് അനുവദിച്ച് 19.02.2019-ലെ സ.ഉ.(കൈ) 37/2019/പൊ.ഭ.വ. പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത ഉത്തരവിന്റെ പരിധിയിൽ നിന്നും രാഷ്ട്രീയ ഇൻഡ്യൻ മിലിട്ടറി കോളേജ് (RIMC), സൈനിക സ്കൂളുകൾ എന്നിവയെ ഒഴിവാക്കിക്കൊണ്ടും, സായുധ സേനയുടെ കീഴിലുള്ള വിവിധ അക്കാഡമികളിൽ 19.02.2019 -നോ അതിനു ശേഷമോ ചേരുകയും ട്രെയിനിംഗ് വിജയകരമായി പൂർത്തിയാക്കി സായുധസേനയിൽ കമ്മീഷൻഡ് ആഫീസറായി |

| | | | |
|---|---|---|---|
| | | | ജോലിയിൽ പ്രവേശിക്കുകയും ചെയ്യുന്നവർക്ക് മാത്രമായി നിജപ്പെടുത്തിക്കൊണ്ടും 19.08.2019-ലെ സ.ഉ.(കൈ) 27/2019/സൈ.ക്ഷേ.വ. പ്രകാരം തുടർ ഉത്തരവും പുറപ്പെടുവിച്ചിട്ടുണ്ട്. തുടർന്ന് പ്രസ്തുത ഉത്തരവിൽ മാറ്റമൊന്നും വരുത്തിയിട്ടില്ല. പ്രസ്തുത ഉത്തരവുകളുടെ പകർപ്പുകൾ ഉള്ളടക്കം ചെയ്യുന്നു. |
| (സി) | ഏതുകാലയളവിൽ അഡ്മിഷൻ നേടിയ കുട്ടികൾക്കാണ് സ്കോളർഷിപ്പിനുള്ള അർഹത ഉണ്ടായിരിക്കുന്നത്; പ്രസ്തുത സ്കോളർഷിപ്പിന് അപേക്ഷിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണ്; | (സി) | സായുധസേനയുടെ കീഴിലുള്ള വിവിധ അക്കാഡമികളിൽ 19.02.2019 -നോ അതിനുശേഷമോ പ്രവേശനം നേടിയവർക്കാണ് സ്കോളർഷിപ്പിനുള്ള അർഹത ഉള്ളത്. അക്കാഡമികളിൽ നിന്ന് വിജയകരമായി ട്രെയിനിംഗ് പൂർത്തിയാക്കി സായുധസേനയിൽ ജോലിയിൽ പ്രവേശിച്ചിരിക്കണം എന്നുള്ളതാണ് പ്രസ്തുത സ്കോളർഷിപ്പിനുള്ള അർഹതാ മാനദണ്ഡം. |
| (ഡി) | പ്രസ്തുത സ്കോളർഷിപ്പ് നൽകുന്നതിന് സംസ്ഥാന ബജറ്റിൽ തുക വകയിരുത്തിയിട്ടുണ്ടോ; ആയതിന്റെ വിശദാംശം അറിയിക്കാമോ? | (ഡി) | പ്രസ്തുത സ്കോളർഷിപ്പ് ഇനത്തിലുള്ള ചെലവ് 2235-60-200-94-വിമുക്തഭടന്മാരുടെ കുട്ടികൾക്ക് ധനസഹായം (പദ്ധതിയേതരം) എന്ന ശീർഷകത്തിൽ നിന്നുമാണ് വഹിക്കേണ്ടത്. 2021-22 സാമ്പത്തിക വർഷം 50,00,000/- രൂപ ഈ ശീർഷകത്തിൽ വകയിരുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

SWD2/53/2017-GAD

കേരള സർക്കാർ

സംഗ്രഹം

സൈനിക ക്ഷേമ വകുപ്പ് - സായുധ സേനയുടെ കീഴിലുള്ള വിവിധ ട്രെയിനിംഗ് അക്കാഡമികളിൽ പ്രവേശനം നേടുന്ന കേരളീയരായ കേഡറ്റുകൾക്ക് നൽകുന്ന സ്കോളർഷിപ്പ് നിരക്കുകൾ പരിഷ്കരിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

സൈനിക ക്ഷേമ വകുപ്പ്

സ.ഉ.(കൈ)നം.37/2019/പൊ.ഭ.വ തീയതി, തിരുവനന്തപുരം : 19.02.2019

---

പരാമർശം : 1. മേജർ.ജനറൽ.കെ.എസ്.നിജ്ജാർ, ജനറൽ കമാൻഡിംഗ് ഓഫീസർ, ബഹു.മുഖ്യമന്ത്രിയ്ക്ക് നൽകിയ 25.1.17 ലെ അർദ്ധഔദ്യോഗിക കത്ത് നം.04980/12/A4.

2. 31.01.17 ൽ നടന്ന സിവിൽ മിലിട്ടറി ലെയ്സൺ കോൺഫറൻസിന്റെ നടപടിക്കുറിപ്പ്.

3. സൈനികക്ഷേമ വകുപ്പ് ഡയറക്ടറുടെ 25.05.17 ലെ B7/9805/NDA/Proposal/2017/DSW നമ്പർ കത്ത്.

## ഉത്തരവ്

1. സായുധ സേനയുടെ കീഴിലുള്ള വിവിധ അക്കാഡമികളിൽ പ്രവേശനം ലഭിക്കുന്ന കേഡറ്റുകൾക്ക് തെലുങ്കാന സർക്കാർ നൽകി വരുന്ന നിരക്കിൽ സംസ്ഥാന സർക്കാരും സ്കോളർഷിപ്പ് അനുവദിക്കണമെന്ന് പരാമർശം 1 ലെ അർദ്ധഔദ്യോഗിക കത്ത് പ്രകാരം മേജർ.ജനറൽ.കെ.എസ്.നിജ്ജാർ അഭ്യർത്ഥിക്കുകയുണ്ടായി.

2. പ്രസ്തുത ആവശ്യം 31.01.17 ൽ നടന്ന സിവിൽ മിലിട്ടറി ലെയ്സൺ കോൺഫറൻസിൽ പരിഗണിക്കുകയും നിലവിൽ കേഡറ്റുകൾക്ക് നൽകി വരുന്ന സ്കോളർഷിപ്പ് നിരക്ക് അനുയോജ്യമായ രീതിയിൽ പരിഷ്കരിക്കുന്നതാണെന്ന് പരാമർശം 2 ലെ നടപടിക്കുറിപ്പിൻ പ്രകാരം തീരുമാനം എടുക്കുകയും ചെയ്തു.

3. സിവിൽ മിലിട്ടറി ലെയ്സൺ കോൺഫറൻസിലെ നടപടിക്കുറിപ്പിലെ പ്രസ്തുത തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ സൈനികക്ഷേമ വകുപ്പ് ഡയറക്ടർ നിലവിൽ കേഡറ്റുകൾക്ക് നൽകി വരുന്ന സ്കോളർഷിപ്പ് നിരക്ക് പരിഷ്കരിച്ച് നൽകുന്നതിനുള്ള നിർദ്ദേശം പരാമർശം 3 പ്രകാരം സമർപ്പിക്കുകയുണ്ടായി.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. നിലവിലുള്ള സ്കോളർഷിപ്പുകൾക്കു പകരം സ്ത്രീ/പുരുഷ ഭേദമന്യേ മറ്റു നിബന്ധനകളൊന്നുമില്ലാതെ സായുധ സേനയുടെ കീഴിലുള്ള Officers Training Academy, NDA, IMA, Naval Academy, Air Force Academy, Armed Forces Medical College, RIMC, Schools എന്നിവിടങ്ങളിൽ പ്രവേശനം നേടുന്ന കേരളീയരായ കേഡറ്റുകൾക്ക് പ്രോത്സാഹനമായി **2,00,000/- രൂപയും (രണ്ടു ലക്ഷം രൂപ മാത്രം)** മിലിട്ടറി, നേവൽ, എയർ ഫോഴ്സ് നേഴ്സിംഗ് സ്കൂളുകളിൽ പ്രവേശനം ലഭിക്കുന്നവർക്ക് **1,00,000/- രൂപയും (ഒരു ലക്ഷം രൂപ മാത്രം)** അനുവദിച്ച് ഉത്തരവാകുന്നു.

5. ഈ ഇനത്തിലുള്ള ചെലവ് , "2235-60-200-94-Financial Help for the Children of Ex-servicemen – Non Plan" എന്ന ശീർഷകത്തിൽ നിന്നും വഹിക്കേണ്ടതാണ്.

**(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)**
**സുമന.എൻ.മേനോൻ.ഐ.എ.എസ്**
**ഗവൺമെന്റ് സെക്രട്ടറി**

To

1. ബഹു.മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി.
2. സെക്രട്ടറി, ഗവൺമെന്റ് ഓഫ് ഇന്ത്യ, ഡിഫെൻസ് മിനിസ്ട്രി (with C/L).
3. അഡ്ജുറ്റന്റ് ജനറൽ, സെറിമൊനിയൽസ് ആന്റ് വെൽഫെയർ ആർമി കോർട്ടേഴ്സ്, ഡിഎച്ച്ക്യൂ പി.ഒ, ന്യൂ ഡൽഹി (with C/L).
4. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), തിരുവനന്തപുരം.
5. അക്കൗണ്ടന്റ് ജനറൽ(A & E), തിരുവനന്തപുരം.
6. സ്റ്റേഷൻ കമാൻഡർ, മിലിട്ടറി സ്റ്റേഷൻ ഹെഡ്കോർട്ടേഴ്സ്, പാങ്ങോട്, തിരുമല.പി.ഒ, തിരുവനന്തപുരം.
7. ഡയറക്ടർ, സൈനിക ക്ഷേമ വകുപ്പ്. തിരുവനന്തപുരം.
8. ട്രഷറി ഡയറക്ടർ, തിരുവനന്തപുരം.
9. ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ, ഐ & പി.ആർ.ഡി.
10. സ്റ്റോക്ക് ഫയൽ /ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ

**GOVERNMENT OF KERALA**

Abstract

Sainik Welfare Department - Enhancement of Scholarship Rates to Kerala Domicile Cadets who got admission to various Training Academies under Armed Forces – Amended Orders issued.

---

**SAINIK WELFARE DEPARTMENT**

G.O(MS)No.27/2019/SWD Dated, Thiruvananthapuram:19.08.2019

---

Read:- 1. G.O(MS) No.37/2019/GAD dated 19.02.2019.
2. Letter No.DSW/2830/2019-B6/RIMC-NDA dated 18.06.2019 from the Director, Sainik Welfare Department.

**ORDER**

1. As per the Government Order read above, Government instituted a one time scholarship of Rs.2,00,000/-(Rupees Two Lakhs Only) to the Kerala Domicile Cadets who got admission to Officers Training Academy, NDA, IMA, Naval Academy, Air Force Academy, Armed Forces Medical College, RIMC and Sainik Schools and a scholarship of Rs.1,00,000/- (Rupees One Lakh Only) to those Cadets who got admission in the Military, Naval and Air Force Nursing Schools, in place of the existing scholarships, as a measure of motivation to the youth who joins the Indian Armed Forces.

2. The Director, Sainik Welfare as per the letter read above has informed Government that certain clarifications are needed for the implementation of the Government Order.

3. Government examined the matter in detail, and in order to meet the objective of the scheme in an effective manner, are pleased to order as follows:

a) RIMC and Sainik Schools are giving academic training up to +2 standard to the students with a view to enable them to secure admission at various training academies under Armed Forces. Therefore, RIMC and Sainik Schools are excluded from the purview of the Government Order read above. However the scholarship and the warm clothing allowance sanctioned as per G.O(MS)No.13/2000/GAD dated 12.01.2000 and

G.O(MS)No.203/2006/GAD dated 25.07.2006 will continue to be in force.

b) The one time scholarship will be limited to those Cadets who have passed out successfully from these Academies and joined the Armed Forces thereafter.

c) And the eligibility under the Scheme will be limited to those who have secured admission at any of these Academies **on or after 19.02.2019.**

4. The Government Order read above stands modified to this extent.

**(By Order of the Governor)**
**Hema Prabha.D**
**Additional Secretary**

To

1. The Secretary, Government of India, Defence Ministry (with C/L)
2. Adjutant General, Ceremonials and Welfare Army Quarters, DHQPO, New Delhi (with C/L)
3. The Principal Accountant General (Audit), Kerala, Thiruvananthapuram.
4. The Accountant General (A & E), Kerala, Thiruvananthapuram.
5. The Station Commander, Military Station Head Quarters, Pangode, Thirumala.P.O, Thiruvananthapuram.
6. The Director, Sainik Welfare Department, Thiruvananthapuram.
7. The Information Officer, Web & New Media, I & PRD.
8. Stock File / Office Copy.

Forwarded / By Order

Section Officer